CAREERINDIA

No. of Printed Pages : **7**

**6653**

*Register Number*

# Language — Part I — MALAYALAM — Paper I

## (Poetry and Grammar)

Time : 3 Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചോദ്യ പേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻതന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

I. **നാലെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോ ഉത്തരവും **അഞ്ചുവരിയിൽ** കവിയരുത്. **4x2=8**

Write answer for **any four** questions. Answer should **not exceed** more than **five lines**.

1. മലയാളഭാഷയുടെ പിതാവെന്ന് മഹാകവി തുഞ്ചത്തെഴുത്തച്ഛനെ വിളിക്കാൻ കാരണമെന്ത് ?

2. വള്ളത്തോൾ മലയാളസാഹിത്യത്തിനു നൽകിയ സംഭാവനകൾ വിലയിരുത്തുക.

3. വൈലോപ്പിള്ളിയെക്കുറിച്ചെന്തറിയാം ?

4. എൻ.വി. കൃഷ്ണവാരിയരെ പരിചയപ്പെടുത്തുക.

5. അയ്യപ്പപ്പണിക്കർക്ക് മലയാളസാഹിത്യത്തിലുള്ള സ്ഥാനമെന്ത് ?

6. കടമ്മനിട്ടയെക്കുറിച്ചെഴുതുക.

[ Turn over

www.careerindia.com

CAREERINDIA



II. **മൂന്നെണ്ണത്തിന്** സന്ദർഭം വിവരിച്ച് ആശയം വിശദമാക്കുക. 3x4=12

Anotation. Answer **any three** questions.

7. ''ഏതൊരു കുലമലങ്കരിച്ചു ജന്മനാ
ഉര ചെയ്തീടണം, എന്തു തവ നാമധേയവും ?
ദൂതനെന്നു കേട്ടതിങ്ങു ബോധം വന്നീല, ജഗ-
ന്നാഥനെന്നെനിക്കു തോന്നി ചേതസി നിന്നെ ''

8. നിൻ ചുണ്ടു തട്ടുമ്പോൾ ക്കോരിത്തരിക്കുമാ
നെഞ്ചിലുറന്നോലും പീയൂഷത്തെ,
എന്നിലുമൊട്ടേറെ വേനൽ വരട്ടിയോ-
രെന്നിലു മുണ്ണിനീയാരായുന്നോ ?

9. ചത്തൊരാ മരം മൂകം മൊഴിവൂ
'' കുഞ്ഞേ, നീയും
ചത്തിരുന്നെങ്കിൽ, കാണാൻ
വയ്യേ നിൻ മഹാ ദുഃഖം''

10. വിഷവാതമൂതാത്ത
വിഷവാണി കേൾക്കാത്ത
വിഷനീർ കുടിക്കാത്ത
നാടെവിടെ മക്കളേ ?

11. നിങ്ങളെച്ചൊല്ലി ഞാൻ ചെയ്യുന്ന പാപങ്ങൾ
നിങ്ങൾ കൂടെ പ്പകുത്തൊട്ടു വാങ്ങീടുമോ ?
എന്നു നീ ചെന്നു ചോദിച്ചു വരുവോളം
നിന്നീടുമത്രൈവ ഞങ്ങൾ നിസ്സംശയം

www.careerindia.com

CAREERINDIA



**III.** **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക. **ഓരോ** ഉത്തരവും **പത്തു** വരിയിൽ **കവിയരുത്.** 3x4=12

Write answer for **any three** questions. Answer should **not exceed** more than **ten** lines.

**12.** മക്കളും ഭാര്യയും കൈയൊഴിഞ്ഞ കാട്ടാളന് സപ്തർഷികൾ നൽകിയ ഉപദേശമെന്തായിരുന്നു ?

**13.** കവി ഒന്നാമത്തെ വീടിനെ ഇതിഹാസമായി കാണാൻ കാരണമെന്ത് ?

**14.** പുലരിയിൽ ആന അനുഭവിക്കുന്ന ദുഃഖം വിവരിക്കുക.

**15.** നദി കലങ്ങുമ്പോളുണ്ടാകുന്ന ദുരന്തങ്ങളെന്തെല്ലാം ?

**16.** ചരിത്രാതീതകാലത്തെ മനുഷ്യർ എങ്ങനെയായിരുന്നു ?

**IV.** **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **ഓരോ** ഉത്തരവും **ഓരോ** പുറത്തിൽ **കവിയരുത്.**
Write answer for **any two** questions. Answer should **not exceed one** page. 2x10=20

**17.** കാട്ടാളൻ വാത്മീകിയായ കഥ ചുരുക്കി എഴുതുക.

**18.** 'മുത്തശ്ശി' എന്ന കവിതയിലെ ആശയം പ്രതിപാദിക്കുക.

**19.** 'നാടെവിടെ മക്കളേ ?' എന്ന കവിതക്ക് ആസ്വാദനം എഴുതുക.

**20.** ശീമോന്റെ ഗൃഹത്തിൽ അത്താഴമുണ്ണാനെത്തിയ യേശുദേവനെക്കുറിച്ച് വിവരിക്കുക.

**21.** ആനയുടെ അവസ്ഥയെക്കുറിച്ച് വിവരിക്കുക.



www.careerindia.com

CAREERINDIA



**V.** താഴെ കൊടുത്തിട്ടുള്ള പദ്യഭാഗങ്ങളിൽ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. **2x4=8**

Write answer for **any two** questions from the following poetic lines.

**22.** താപസേന്ദ്രന്മാരുമന്നെഴുന്നെള്ളിനാർ
ഗോപതിമാരുദയം ചെയ്തതു പോലെ.
നിഷ്ക്രമിച്ചീടെന്നു ചൊന്നതു കേട്ടു ഞാൻ
നിർഗ്ഗമിച്ചീടിനേനാശു നാകൂദരാൽ.

(i) എഴുന്നള്ളിയത് ആര് ?

(ii) എങ്ങനെയാണെഴുന്നള്ളിയത് ?

(iii) നിഷ്ക്രമിക്കാൻ പറഞ്ഞതാരോട് ?

(iv) ഈ വരികളുടെ കർത്താവ് ആര് ?

**23.** എങ്കിലുമെൻ ജീവിതം തളിരിട്ടതാവീട്ടിൽ
അങ്ങിരുന്നധ്യാനിച്ചേൻ, പഠിച്ചേൻ, ആഹ്ളാദിച്ചേൻ
വന്ദ്യരാമതിഥിമാരാവീട്ടിൽപ്പാദസ്പർശ
ധന്യത ചേർത്താർ, അങ്ങു പിറന്നാരെൻ കുട്ടികൾ

(i) ജീവിതം തളിരിട്ടത് ഏതു വീട്ടിൽ ?

(ii) അവിടെ കവി ചെയ്തതെന്ത് ?

(iii) വീടിന് ധന്യത ചേർത്തത് ആര് ?

(iv) ഏതു പദ്യത്തിലെ വരികളാണിവ ?

**24.** അശ്വസഖന്മാർ 'ജിപ്സി'കൾ തീക്കാ-
ഞ്ഞമരും റഷ്യൻ മൈതാനങ്ങളി-
ലത്ഭുതമായകസംസ്കാരത്തിന-
ടിത്തറ പാകിയ ദക്ഷിണ ഗിരിയിൽ.

(i) അശ്വസഖന്മാർ ആരാണ് ?

(ii) അവർ തീക്കാഞ്ഞിരിക്കുന്നത് എവിടെ ?

(iii) ഏത് സംസ്കാരത്തിനാണ് അടിത്തറ പാകിയത് ?

(iv) ആരാണ് ഈ കവിത എഴുതിയത് ?

www.careerindia.com

CAREERINDIA



**VI.** പദ്യഭാഗം പൂരിപ്പിക്കുക. **1x8=8**

Quote from memory.

**25.** ദുഷ്കർമ്മ സഞ്ചയം .................. ഭുജിക്കുമോ ?

**അല്ലെങ്കിൽ**

**26.** ആ യഹൂദ പ്രഭു .................. മീത്തിന്നിരുന്നാൻ.

**VII. 27.** **രണ്ടെണ്ണത്തിന്റെ** ലക്ഷണവും ഉദാഹരണവും എഴുതുക. **2x3=6**

Write answer for **any two** questions from grammar part.

(i) മഞ്ജരി (ii) കേക

(iii) മന്ദാക്രാന്ത (iv) രഥോദ്ധത

**28.** **രണ്ടെണ്ണത്തിന്റെ** ലക്ഷണവും ഉദാഹരണവും എഴുതുക. **2x3=6**

Write answer for **any two** questions from grammar part.

(i) ദീപകം (ii) വിഷമം

(iii) രൂപകം (iv) ഉപമ

**VIII. 29.** യോജിച്ചവ ചേർത്തെഴുതുക. **4x1=4**

Match the following :

(i) നളദൗത്യം - എൻ.എൻ. കക്കാട്

(ii) മുത്തശ്ശി - എൻ.വി. കൃഷ്ണവാരിയർ

(iii) എന്റെ മൂന്നുവീടുകൾ - ബാലാമണിയമ്മ

(iv) സഫലമീയാത്ര - ഉണ്ണായിവാരിയർ

[ Turn over

www.careerindia.com

CAREERINDIA



**IX.** ശരിയായ ഉത്തരം എടുത്തെഴുതുക. **8x1=8**

Choose the correct answer.

**30.** വാത്മീകം എന്ന വാക്കിന്റെ അർത്ഥമെന്ത് ?

(a) വനം (b) ചിതൽപുറ്റ് (c) മണ്ണ്

**31.** ഏതു മാസത്തിലാണ് തിരുവാതിര ആഘോഷിക്കുന്നത് ?

(a) ചിങ്ങം (b) മകരം (c) ധനു

**32.** കലങ്ങിയും തെളിഞ്ഞും ഒഴുകുന്ന നദി എന്തിന്റെ പ്രതീകമാണ് ?

(a) ജീവിതത്തിന്റെ

(b) കോപത്തിന്റെ

(c) നാശത്തിന്റെ

**33.** ഏതു കവിതയുടെ പ്രസിദ്ധീകരണത്തോടെയാണ് മലയാളത്തിൽ ആധുനിക കവിതക്ക് തുടക്കം കുറിച്ചത് ?

(a) അദ്ധ്യാത്മരാമായണം

(b) എന്റെ മൂന്നുവീടുകൾ

(c) കുരുക്ഷേത്രം

**34.** കാതോർത്ത് കണ്ണീരൊലിച്ച് ആന കാത്തു നിൽക്കുന്നത് ആരെ ?

(a) മഹാവിഷ്ണുവിനെ

(b) പരമശിവനെ

(c) നളനെ

**35.** കവിയുടെ ജീവിതത്തിന്റെ വസന്തത്തിനെ ആത്മാവിൽ ആവിഷ്കരിച്ചവർ ആര്?

(a) മക്കൾ

(b) പേരക്കിടാങ്ങൾ

(c) ഭർത്താവ്

www.careerindia.com

CAREERINDIA



36. മലയാളത്തിന്റെ മധുര ജിഹ്വ എന്നു പറയുന്ന കവി ആരാണ് ?
    (a) ഉള്ളൂർ
    (b) വള്ളത്തോൾ
    (c) വൈലോപ്പിള്ളി

37. മഹാബലിയുടെ വരവിൽ ഉണർന്നു ചിരിക്കുന്നത് ആര് ?
    (a) കേരളീയർ
    (b) പ്രകൃതി
    (c) പൂവുകൾ

X. ഒറ്റവാക്കിൽ ഉത്തരമെഴുതുക. 8x1=8
Give the one word answer.

38. ദാന്ത ദമ ഭഗിനി ആരാണ് ?

39. ഗലേല ജില്ലയ്ക്ക് തൂമുത്തുമാലയായി പ്രകാശിച്ചത് ഏതു പട്ടണം ?

40. ഓണപ്പാട്ടുകാർ ഏതു സമാഹാരത്തിൽ നിന്നെടുത്ത കവിതയാണ് ?

41. വാഴക്കുടപ്പനിൽ തേനുണ്ണുന്നത് ആര് ?

42. പുലരിയിൽ വഴിവക്കിൽ മലപോൽ കിടന്നത് ആര് ?

43. നന്ദനോദ്യാനങ്ങൾ സ്ഥിതി ചെയ്യുന്നതെവിടെ ?

44. കാട്ടാളനാകുന്നതിനുമുമ്പ് വാത്മീകി ആരായിരുന്നു ?

45. കാബറേ നടക്കുന്നത് എവിടെ ?

- o O o -

www.careerindia.com